# സ്ത്രീകൾക്കെതിരായ അതിക്രമം: ശിക്ഷ ഉറപ്പുവരുത്താൻ നിയമങ്ങൾ പരിഷ്കരിക്കണം – വനിതാകമീഷൻ

തിരുവനന്തപുരം: സ്ത്രീകൾക്കെതിരെ ഹീനമായ കുറ്റകൃത്യങ്ങൾ ചെയ്തതിന് പിടിക്കപ്പെടുന്ന പ്രതികൾക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള നിയമ നീതിന്യായ വ്യവസ്ഥയിൽ കാലോചിതമാറ്റങ്ങൾ വരുത്താനുള്ള നടപടിയെടുക്കണമെന്ന് കേരള വനിതാ കമീഷൻ നിർദേശിച്ചു. തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ ശരണ്യ എന്ന രണ്ടുവയസ്സുകാരി ഈമാസം രണ്ടിന് കൊലചെയ്യപ്പെട്ട സംഭവസ്ഥലം സന്ദർശിച്ച ശേഷം ഇന്നലെ മുഖ്യമന്ത്രിക്ക് നൽകിയ റിപ്പോർട്ടിലാണ് കമീഷൻ ഇക്കാര്യം സൂചിപ്പിച്ചിട്ടുള്ളത്. വനിതാകമീഷൻ അധ്യക്ഷ എം. കമലമാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് റിപ്പോർട്ട് സമർപ്പിച്ചത്.

കേസന്വേഷണം, കുറ്റപത്രം തയാറാക്കൽ, കുറ്റമറ്റ രീതിയിലുള്ള ശാസ്ത്രീയമായ തെളിവ് ശേഖരിക്കൽ, വിചാരണ വേളയിൽ പ്രോസിക്യൂഷൻ ഭാഗത്തുനിന്നുള്ള ഫലവത്തായ സേവനം എന്നിവ ഉറപ്പാക്കുന്നതിന് നടപടികളെടുക്കണമെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇതു സംബന്ധിച്ച് നിലവിലുള്ള നിയമവ്യവസ്ഥയിലോ നടപടിക്രമങ്ങളിലോ തുടർന്നുവരുന്ന പ്രവർത്തന ശൈലിയിലോ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തണം. പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ യുക്തമായ നടപടിയെടുക്കണം. ഇതിനായി നിയമനിർമാണം നടത്തേണ്ടതുണ്ടെങ്കിൽ അതും ചെയ്യേണ്ടതാണ്.

ഹീനമായ കുറ്റകൃത്യങ്ങൾ ചെയ്തതിന് പിടികൂടപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുള്ള അപകടകാരികളായ കുറ്റവാളികൾ നിയമവിധേയമായും അല്ലാതെയും സ്വതന്ത്രരായി സമൂഹത്തിൽ കഴിയുന്നുണ്ട്. ക്രിമിനൽ നിയമങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകൾ യഥാവിധി നടപ്പാക്കാതെയും അവിഹിതമായ മാർഗങ്ങളിലൂടെയുമാണ് ഇത് സാധ്യമാകുന്നത്. സ്ഥിരമായി ക്രിമിനൽ കുറ്റങ്ങൾ ചെയ്യുന്നവരെ സമൂഹത്തിന്റെ സുരക്ഷക്ക് ഭീഷണിയാകുംവിധം നിർബാധം സ്വതന്ത്രരായി നടക്കുന്നതിന് ഇടയാക്കുന്ന തരം നടപടികൾ തടയണം. നിയമവ്യവസ്ഥകൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുള്ള മാർഗങ്ങൾ ആരായുകയും പ്രതിവിധികൾ നടപ്പാക്കേണ്ടതുമാണ്.

പീഡനങ്ങൾക്കിരയാകുന്നവരെ പുനരധിവസിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഇക്കൂട്ടർക്ക് മതിയായ പരിഗണന നൽകണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലപ്പെട്ട ശരണ്യയുടെ നിർധന കുടുംബത്തിന് ധനസഹായം നൽകുന്നതുൾപ്പെടെ സാന്ത്വന നടപടികളെടുക്കണമെന്നും കമീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തു.